**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1543** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവ്വേയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ നടപടികളാണ് നിലവിൽ നടന്നു വരുന്നത്.ഡിജിറ്റൽ സർവെയിലെ ആദ്യ ഘട്ടത്തിലെ 200 വില്ലേജുകളിലും രണ്ടാം ഘട്ടം തെരെഞ്ഞടുത്ത 239 വില്ലേജുകളിൽ 43 വില്ലേജുകളിലും അടക്കം ആകെ 243 വില്ലേജുകളിൽ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.ഡിജിറ്റൽ സർവെ രണ്ടാം ഘട്ടത്തിൽ ആരംഭിച്ച മറ്റ് വില്ലേജുകലിൽ സർവെ നടപടികൾ പുരോഗമിക്കുന്നു.ഡിജിറ്റൽ റീസർവെ മൂന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത വില്ലേജുകളുടെ പ്രാരംഭ ഘട്ട നടപടികൽ നടക്കുകയാണ്.<br><br>കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ സർവെ അതിരടയാള നിയമപ്രകാരമുള്ള സെക്ഷൻ 13 നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | ഡിജിറ്റൽ സർവ്വേയിൽ അടിസ്ഥാന നികുതി രജിസ്റ്ററിലെ ഭൂമിയുടെ അളവും ഡിജിറ്റൽ സർവ്വേയിൽ കണ്ടെത്തുന്ന അളവിലെയും വ്യത്യാസങ്ങൾ ഏതു രീതിയിൽ ക്രമവത്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | 13/01/2025 ലെ സ.ഉ(കൈ)നം. 7/2025/റവ ഉത്തരവ് പ്രകാരം സർവെ അതിരടയാള നിയമം സെക്ഷൻ13പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള വില്ലേജുകളിൽ ഡിജിറ്റൽ സർവെയിൽ കാണുന്ന വിസ്തീർണ്ണത്തിനു മാനദണ്ഡങ്ങൾക്ക് വിധേയമായി Integrated Land information Management System(ILIMS) മുഖാന്തിരം നികുതി സ്വീകരിക്കുവാൻ ഉത്തരവായിട്ടുള്ളതാണ്.ഇത്തരത്തിൽ നികുതി സ്വീകരിക്കുമ്പോൾ സമീപത്തുള്ള സർക്കാർ ഭൂമിയോ സ്വകാര്യ ഭൂമിയോ കയ്യേറിയിട്ടുള്ളതായി പരാതിയുള്ള പക്ഷം ഇത്തരം തർക്കത്തിലുള്ള ഭൂമിക്ക് ILIMSൽ colour code നൽകി താൽക്കാലികമായി കരം സ്വീകരിക്കുന്നതും തുടർന്ന് തർക്കത്തിൽ തീർപ്പ് കൽപിക്കുന്ന മുറയ്ക്ക് യഥാർത്ഥ അവകാശ വിസ്തീർണ്ണത്തിന് കരം സ്വീകരിക്കുന്നതുമായിരിക്കും. |

| | | | |
|---|---|---|---|
| | | | സർവെ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള വില്ലേജുകളിൽ അളവിൽ കാണുന്ന അധിക ഭൂമിക്ക് നിയമപ്രാബല്യം നൽകാൻ സാധിക്കുമോ എന്നത് സർക്കാർ പരിശോധിച്ച് വരുകയാണ്. |
| (സി) | വാമനപുരം മണ്ഡലത്തിൽ വാമനപുരം, പാങ്ങോട്, പെരിങ്ങമ്മല എന്നീ വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ ആരംഭിച്ച് ആറുമാസത്തോളമായെങ്കിലും പഞ്ചായത്തിന്റെ പകുതി റോഡുകൾ പോലും ഇതുവരെ പൂർത്തീകരിക്കാൻ കഴായാത്തതിനാൽ ജനങ്ങൾ വളരേയധികം ബുദ്ധിമുട്ടുകൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>PSC റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ സർവയെർമാരുടെ കുറവ് നികത്തുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ആളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും, ടി വില്ലേജുകളിലെ സർവെ എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതുമായിരിക്കും. |
| (ഡി) | പ്രസ്തുത സർവ്വേ പൂർത്തിയാക്കാൻ ആവശ്യത്തിന് സർവ്വേയർമാരെ നിയമിച്ച് അടിയന്തര പരിഹാരം ഉണ്ടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>PSC റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ സർവയെർമാരുടെ കുറവ് നികത്തുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ആളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും ടി വില്ലേജുകളിലെ സർവെ എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതുമായിരിക്കും. |

സെക്ഷൻ ഓഫീസർ